# റിസർവ് ബാങ്ക് ഓഫ് ഇന്ത്യ
# ഡിപ്പാർട്ട്മെന്റ് ഓഫ് കറൻസി മാനേജ്മെന്റ്

## പൗരൻമാരുടെ അവകാശപത്രം

**1. പൗരൻമാരുടെ അവകാശപത്രത്തിന്റെ ലക്ഷ്യം**

ഈ പൗരൻമാരുടെ അവകാശപത്രം നോട്ടുകളും നാണയങ്ങളും മാറ്റി വാങ്ങുന്ന കാര്യത്തിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ (ആർബിഐ) നൽകുന്ന വിവിധ സൗകര്യങ്ങളെ കുറിച്ചുള്ള വിവരങ്ങളും ആർബിഐ ഇഷ്യൂ ഓഫീസുകളും നിർദ്ദിഷ്ട ശാഖകളും നൽകുന്ന സേവനങ്ങളുടെ പൊതു നിലവാരങ്ങളെ കുറിച്ചും ഉള്ള വിവരങ്ങളും നൽകുന്നു.

**2. ആർബിഐ ഇഷ്യൂ ഓഫീസുകളിൽ ലഭ്യമായ സേവനങ്ങൾ**

ഇഷ്യൂ ഡിപ്പാർട്ട്മെന്റ് പ്രവർത്തിക്കുന്ന ആർബിഐ ഓഫീസുകളിൽ പൊതുജനങ്ങൾക്ക് മുഷിഞ്ഞതും കേടുവന്നതുമായ നോട്ടുകളും പ്രചാരത്തിലില്ലാത്തതും തേഞ്ഞുപോയതുമായ നാണയങ്ങളും മാറ്റിവാങ്ങുന്നതിനുള്ള സൗകര്യം നൽകുന്നു. അതാത് ആർബിഐ ഇഷ്യൂ ഓഫീ

സിന്റെ പ്രവർത്തന സമയത്ത്, കൗണ്ടറുകളിലൂടെ ഈ കൈമാറ്റ സേവനം സൗജന്യ നിരക്കിൽ നൽകുവാൻ ബാങ്ക് പ്രതിജ്ഞാബദ്ധമാണ്

**3. കൈമാറ്റ സൗകര്യം നൽകുന്ന ആർബിഐ ഓഫീസുകളുടെ പേര്**

ഈ സൗകര്യം ബാങ്കുകളുടെ ഇനിപ്പറയുന്ന ഇടങ്ങളിലുള്ള പ്രാദേശിക ശാഖാ കൗണ്ടറുക ളിലൂടെ പ്രദാനം ചെയ്യുന്നതാണ്. അഹ്മെദാബാദ്, ബാംഗ്ലൂർ, ബേലാപ്പൂർ(നവിമുംബൈ), ഭോപ്പാൽ, ഭുബനേശ്വർ, ചാണ്ഡിഗഡ്, ചെന്നൈ, ഗോഹട്ടി, ഹൈദരാബാദ്,ജയ്പൂർ,ജമ്മു, കാൻപൂർ,കൊച്ചി, കൊൽക്കത്ത,ലക്നൗ, മുംബൈ,നാഗ്പൂർ, ന്യൂഡൽഹി, പാറ്റ്ന, തിരുവന ന്തപുരം. ഈ ആർബി ഓഫീസുകളുടെ മേൽവിലാസവും ടെലഫോൺ നമ്പറും അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.

**4.ബാങ്കുകളുടെ പൊടു കൗണ്ടറുകളിൽ മുഷിഞ്ഞതും കൂറിയതുമായ നോട്ടുകളുടെയും നാണയങ്ങളുടെയും കൈമാറ്റം**

ബാങ്ക് ഓഫീസുകളുടെ കൗണ്ടറുകളിലൂടെ പൊതുജനങ്ങൾക്ക് സ്വയം ഇനിപ്പറയുന്ന സൗകര്യങ്ങൾ ലഭ്യമാക്കാവുന്നതാണ്.ഈ സേവനങ്ങളും വിവരങ്ങളും ലഭ്യമാക്കാനുള്ള നടപടി ക്രമങ്ങളും അവയുടെ ചിലവുകളും പരാതി പരിഹാര പ്രക്രിയ തുടങ്ങിയ കാര്യങ്ങൾ താഴെ കൊടുക്കുന്നു.

| സീരിയൽ നമ്പർ | നൽകുന്ന സേവനങ്ങൾ | സേവനം ലഭ്യമാക്കാനുള്ള നടപടിക്രമങ്ങൾ | സേവനത്തിനുള്ള ചിലവ് | സമയ പരിധി |
|---|---|---|---|---|
| I. | എ) നോട്ടുകളുടെയും നാണയങ്ങളുടെയും കൈമാറ്റം<br>ബി) കൗണ്ടറിൽ കീറിയ നോട്ടുകളുടെ കൈമാറ്റം(ഏതാനും നോട്ടുകൾ മാത്രം) | ബാങ്കിന്റെ ഓരോ ഓഫീസിലെയും ബാങ്കിങ് ഹാളിൽ കൈമാറ്റ സൗകര്യം ലഭ്യമാക്കിയിട്ടുള്ള കൗണ്ടറുകളുടെ സീരിയൽ നമ്പർ ലഭ്യമാക്കിയിട്ടുണ്ട്. നിർദ്ദിഷ്ട കൗണ്ടറുകളെയോ സമീപിക്കുകയോ അല്ലെങ്കിൽ നിയുക്ത കൗണ്ടറുകളെ കുറിച്ചുള്ള വിവരങ്ങൾക്ക് അന്വേഷണ കൗണ്ടറുകളെയോ സമീപിക്കുകയോ ചെയ്യുക. എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ നോഡൽ ഓഫീസറെ ബന്ധപ്പെടുക, ഇദ്ദേഹത്തിന്റെ പേര് ബാങ്കിൽ ഹാളിൽ പ്രദർശിപ്പിച്ചിട്ടുണ്ടാകും | സൗജന്യം | ബാങ്കിങ് സമയത്ത് ഉടൻ തന്നെ പേയ്മെന്റ് .ബാങ്കിങ് സമയത്തെ കുറിച്ചുള്ള വിവരങ്ങൾ ബാങ്കിങ് ഹാളിൽ പ്രദർശിപ്പിച്ചിട്ടു ണ്ടഅകും , അല്ലെങ്കിൽ അന്വേഷണ കൗണ്ടറിൽ നിന്നും ലഭ്യമാകും |

| | | | | |
|---|---|---|---|---|
| II. | വികലമായ നോട്ടുകളുടെ കൈമാറ്റം ടി എൽ ആർ കവറുകളിലൂടെ നൽകുന്നത്( കൂടുതൽ എണ്ണം നോട്ടുകൾ) | നിർദ്ദിഷ്ട കൗണ്ടറുകളിൽ ടി എൽ ആർ കവറിനെ കുറിച്ച് അന്വേഷിക്കുക അല്ലെങ്കിൽ കൂടുതൽ വിവരങ്ങൾക്ക് അന്വേഷണ കൗണ്ടറിനെ സമീപിക്കുക.<br><br>ആവശ്യമായ വിവരങ്ങൾ ടിഎൽ ആർ കവറിൽ പൂരിപ്പിക്കുക.<br><br>കൈമാറ്റമൂല്യം ക്രെഡിറ്റ് ചെയ്യാൻ ആഗ്രഹിക്കുന്ന ബാങ്ക്/ശാഖ/അക്കൗണ്ട് നമ്പർ വിവ രങ്ങൾ ടി എൽ ആർ കവറിൽ രേഖപ്പെടുത്തുക<br><br>കൈമാറ്റ മൂല്യം സാധാരണ ഗതിയിൽ ഇനിപ്പറയുന്ന മാർഗത്തിലൂടെയാണ് നൽകുക.<br><br>ഇസിഎസ് ക്രെഡിറ്റ്: ആർബി ഐക്ക് ഇസിഎസ് അനുശാസനം നൽകിയിട്ടുണ്ടെങ്കിൽ അവാകാശിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഇസിഎസ് മുഖേന ക്രെഡിറ്റ് ചെയ്യുന്നതാണ് പേയ്മെന്റ് ഓർഡർ:അവകാശി സമീപ താമസക്കാരനും ഇസിഎസ് അനുശാസനം ലഭ്യമല്ലെങ്കിലും .<br><br>ഡിമാന്റ് ഡ്രാഫ്റ്റ്: അവകാശി പുറത്തുള്ള ആളാണെങ്കിൽ<br><br>മണി ഓർഡർ: അവകാശി പുറത്തുള്ള ആളും ബാങ്ക് അക്കൗണ്ട് ഇല്ലാത്ത ആളുമാണെങ്കിൽ<br><br>5.അടച്ച കവറിൽ വികലമായ/ കീറിയ നോട്ടുകൾ ട്രിപ്പിൾ കവർ റിസപ്ടക്കിളിൽ സാധാരണ ബിസിനസ് സമയം കഴിഞ്ഞും 1 മണിക്കൂർ വരെ സ്വീകരിക്കും<br><br>എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ അന്വേഷണകൗണ്ടറി ൽ അന്വേഷിക്കുക, അല്ലെങ്കിൽ നോഡൽ ഓഫീസറെ ബന്ധപ്പെടുക, ഇദ്ദേഹത്തിന്റെ പേര് ബാങ്കിൽ ഹാളിൽ പ്രദർശിപ്പിച്ചിട്ടുണ്ടാകും | ഇസിഎസ്<br>സൗജന്യം<br>മണി ഓർഡർ (എംഒ)<br>രൂ. 1000 വരെയുള്ള തുകക്ക് ചാർജില്ല<br>രൂ. 1000 നു മേലുള്ള തുകയ്ക്ക് പോസ്റ്റ് ഓഫീസ് ഈടാക്കുന്ന യഥാർത്ഥ നിരക്ക് ഈടാക്കും<br><br>ഡിമാന്റ്ഡ്രാഫ്റ്റ് (ഡിഡി)<br>നൽകുന്ന തുകയുടെ ,ബാധകമായ , എക്സ് ചേഞ്ച് നിരക്കിന്റെ യഥാർത്ഥ തുക<br><br>പേയ്മെന്റ് ഓർഡർ ( പി ഒ)<br><br>സൗജന്യ നിരക്കിൽ | ഇസിഎസ്<br><br>വികലമായ നോട്ടുകൾ സ്വീകരിച്ച ദിവസം മുതൽ 4 പ്രവൃത്തി ദിവസത്തിനുള്ളിൽ അവകാശിയുടെ അക്കൗണ്ടിലേക്ക് കൈമാറ്റ മൂല്യം ക്രെഡിറ്റ് ചെയ്യുന്നതാണ്.<br><br>എം ഒ/ഡിഡി/പി ഒ<br><br>എം ഒ/ഡിഡി/പി ഒ, വികലമായ നോട്ടുകൾ സ്വീകരിച്ച ദിവസം മുതൽ 4 പ്രവൃത്തി ദിവസത്തിനുള്ളിൽ അവകാശിക്ക് അയച്ചു കൊടുക്കുന്നതാണ് |

| | | | | |
|---|---|---|---|---|
| III. | വികലമായ നോട്ടുകളുടെ കൈമാറ്റം ഇൻഷൂർ ചെയ്ത പാഴ്സലുകളിലൂടെ നൽകുന്നത്( വളരെ കൂടുതൽ എണ്ണം നോട്ടുകൾ) | വികലമായ നോട്ടുകൾ ഇൻഷൂർ ചെയ്ത് രജിസ്റ്റർ ചെയ്ത പാഴ്സലുകളിൽ ആക്കി ബന്ധപ്പെട്ട ഇഷ്യൂ ഓഫീസിന്റെ മാനേജർ/ഡെപ്യൂട്ടി മാനേജർക്ക് അയക്കു കൊടുക്കുക. ബാങ്ക് അഡ്രസ്സ് അന്വേഷണ കൗണ്ടർ അല്ലെങ്കിൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ വെബ്സൈറ്റിൽ നിന്നും ലഭിക്കുന്നതാണ്.<br><br>അയച്ച നോട്ടുകളുടെ വിശദാംശങ്ങൾ, അയക്കുന്ന ആളുടെ പേര്, മേൽവിലാസം, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ ഇതോടൊപ്പമുള്ള കത്തിൽ വ്യക്തമാക്കണം<br><br>കൈമാറ്റ മൂല്യം ബാങ്ക് അക്കൗണ്ടിലേക്ക് ഇസിഎസ് മുഖേന വകയിരുത്തും<br><br>കൈമാറ്റ മൂല്യം പേയ് മെന്റ് ഓർഡർ/ഡിമാന്റ് ഡ്രാഫ്റ്റ്/ മണിഓർഡർ മുഖേനയും നൽകാവുന്നതാണ്<br><br>എന്തെങ്കിലും ബുദ്ധിമുട്ടുകളുണ്ടാകുകയാണെങ്കിൽ ബന്ധപ്പെട്ട ഇഷ്യൂ ഓഫീസുമായി ടെലഫോൺ അല്ലെങ്കിൽ ഈ മെയിൽ മുഖേന ബന്ധപ്പെടാവുന്നതാണ്. ഈ വിവരങ്ങൾ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ വെബ്സൈറ്റിൽ ലഭ്യമാണ്. | സീരിയൽ നം 2ൽ പറഞ്ഞിട്ടുള്ളതു തന്നെ | ഇസിഎസ് വികലമായ നോട്ടുകൾ സ്വീകരിച്ച ദിവസം മുതൽ 15 പ്രവൃത്തി ദിവസത്തിനുള്ളിൽ അവകാശിയുടെ അക്കൗണ്ടിലേക്ക് കൈമാറ്റ മൂല്യം ക്രെഡിറ്റ് ചെയ്യുന്നതാണ്.<br><br>എം ഒ/ഡിഡി/പി ഒ<br><br>എം ഒ/ഡിഡി/പി ഒ, വികലമായ നോട്ടുകൾ സ്വീകരിച്ച ദിവസം മുതൽ 15 പ്രവൃത്തി ദിവസത്തിനുള്ളിൽ അവകാശിക്ക് അയച്ചു കൊടുക്കുന്നതാണ് |
| IV. | പ്രത്യേകനടപടിക്രമത്തിലൂടെ വികലമായ നോട്ടുകളുടെ കൈമാറ്റം( അങ്ങേയറ്റം വികലമാക്കപ്പെട്ട നോട്ടുകൾ, കത്തിയവ, കരിഞ്ഞവ, വേർതിരിക്കാനാകാത്ത വിധം പരസ്പരം ഒട്ടി പോയവയും അതിനാൽ കൈമാറ്റം ചെയ്യാൻ സാധിക്കാത്തതും ക്രമേണ തിരിച്ചറിയാൻ പറ്റാതാകുന്നതുമായവ) | അന്വേഷണ കൗണ്ടറിൽ അല്ലെങ്കിൽ എ ജി എം/ മാനേജരെ (ക്ലെയിം സെക്ഷൻ) ബന്ധപ്പെടുക. നിർദ്ദിഷ്ട മാതൃകയിൽ അപേക്ഷ നൽകുക. വികലമായ നോട്ടുകൾ അപേക്ഷയോടൊപ്പം നൽകേണ്ടതില്ല.<br><br>നോട്ടുകളുടെ വിധി നിർണയം നടത്തുന്നതിനുള്ള ദിവസം നിശ്ചയിച്ചുകൊണ്ട് ക്ലെയിം സെക്ഷനി ൽ നിന്നുള്ള വിവരം ലഭിക്കാനായി കാത്തിരിക്കുക.<br><br>നിശ്ചയിച്ച തീയതിയിൽ, വികലമായ നോട്ടുകൾ ക്ലെയിം വിഭാഗത്തിൽ കൊണ്ടു വരിക. അവകാശം ഉന്നയിക്കുന്നവർക്ക് താൽപര്യമുണ്ടെങ്കിൽ അവരുടെ വികലമായ നോട്ടുകളുടെ വിധി നിർണയ പ്രക്രിയക്ക് സാക്ഷ്യം വഹിക്കാവുന്നതാണ്. | സീരിയൽ നം 2ൽ പറഞ്ഞിട്ടുള്ളതു തന്നെ | സീരിയൽ നം 2ൽ പറഞ്ഞിട്ടുള്ളതു തന്നെ |

| | | | | |
|---|---|---|---|---|
| | | വികലമായ നോട്ടുകൾ ഒട്ടിക്കുകയോ കൂട്ടിചേർക്കാൻ ശ്രമിക്കുകയോ ചെയ്യരുത്. വികലമായ നോട്ടുകൾ അതേ രൂപത്തിൽ തന്നെ കൊണ്ടു വരിക | | |
| V | കോയിൻ വെൻഡിങ് മെഷീനിലൂടെ നോട്ടുകൾ നാണയങ്ങൾ ആയി മാറ്റൽ | കോയിൻ വെൻഡിങ് മെഷീനിൽ പ്രദർശിപ്പിച്ചിരിക്കുന്ന നിർദേശങ്ങൾ പിൻതുടരുക. എന്തെങ്കിലും ബുദ്ധിമുട്ടുണ്ടായാൽ അന്വേഷണകൗണ്ടറി ൽ അന്വേഷിക്കുക, അല്ലെങ്കിൽ നോഡൽ ഓഫീസറെ ബന്ധപ്പെടുക | സൗജന്യം | ബാങ്കിങ് സമയത്ത് മെഷീൻ മുഖേന ഉടനടി പേയ്മെന്റ് |

***5. ഉപഭോക്താക്കളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്ന നോഡൽ ഓഫീസറുടെ പേര് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ അതാത് റീജിയണൽ ഓഫീസുകളിൽ ലഭ്യമാണ്***

**6. പരാതി പരിഹാരം**

കൗണ്ടറുകളിൽ ലഭിച്ച സേവനത്തിൽ നിങ്ങൾ സംതൃപ്തനല്ലെങ്കിൽ അല്ലെങ്കിൽ ബാങ്ക് നൽകുന്ന സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിന് എന്തെങ്കിലും നിർദേശങ്ങൾ ഉണ്ടെങ്കിൽ നിങ്ങളുടെ പരാതികൾ/ നിർദേശങ്ങൾ ഇനിപ്പറയുന്ന മാർഗങ്ങളിലൂടെ ഞങ്ങൾക്ക് അയച്ചു തരാവുന്നതാണ്:

(i) നിങ്ങളുടെ പരാതി/ നിർദേശം ബാങ്ക് ഹാളിൽ ഈ ആവശ്യത്തിനായി സ്ഥാപിച്ചിരി ക്കുന്ന സുതാര്യമായ ഡ്രോപ്പ് ബോക്സിൽ ഇടുക

(ii) നിങ്ങളുടെ പരാതി/ നിർദേശം അന്വേഷണ കൗണ്ടറിൽ ലഭ്യമായ പരാതി/ നിർദേശം രജിസ്റ്ററിൽ രേഖപ്പെടുത്തുക

(iii) നിങ്ങളുടെ പരാതി/ നിർദേശം റിസർവ് ബാങ്ക് ഓഫ് ഇന്ത്യ ഇഷ്യൂ ഡിപ്പാർട്ട്മെന്റ് ജനറൽ മാനേജർ/ ഡെപ്യൂട്ടി ജനറൽ മാനേജർക്ക് പോസ്റ്റ്/ കൊറിയർ ചെയ്യുക

(iv) നിങ്ങളുടെ പരാതി/ നിർദേശം helpdcm@rbi.org.in ലേക്ക് ഈ മെയിൽ ചെയ്യുക

(v) നിങ്ങളുടെ ആവലാതികൾ പരിഹരിച്ചു കിട്ടുന്നതിന് ഇഷ്യൂ ഡിപ്പാർട്ട്മെന്റിലെ ഇനിപ്പറയുന്ന ഉദ്യോഗസ്ഥരെ നേരിലോ ടെലഫോണിലോ ബന്ധപ്പെടുക

| സീരിയൽ നമ്പർ | ഉദ്യോഗസ്ഥന്റെ പേര് | ഔദ്യോഗിക സ്ഥാനം | മേൽവിലാസം | ടെലി. നമ്പർ | ഇമെയിൽ വിലാസം |
|---|---|---|---|---|---|
| 1. | | ജനറൽ മാനേജർ | | | |
| 2. | | ഡെ.ജനറൽ മാനേജർ | | | |
| 3. | | അസി.ജനറൽ മാനേജർ | | | |
| 4. | | ട്രഷറർ | | | |

(vi) നിങ്ങളുടെ പരാതി/ നിർദേശം ഉടനെ തന്നെ പരിഗണിക്കുകയും, നിങ്ങളുടെ കത്ത് കിട്ടി ഒരു മാസത്തിനകം ആവലാതി പരിഹരിക്കുന്നതിന് യുക്തമായ നടപടികൾ കൈക്കൊള്ളുന്നതുമാണ്

7. സേവനങ്ങളുടെ പൊതുവായ വ്യവസ്ഥകൾ

(i) വികലമായ/ കീറിയ നോട്ടുകൾ ബാങ്ക് മാ റ്റി നൽകുന്നത് റിസർവ് ബാങ്ക് ഓഫ് ഇന്ത്യ( നോട്ട് റീഫണ്ട്) ചട്ടത്തിന്റെ കീഴിലുള്ള വ്യവസ്ഥ അനുസരിച്ചാണ്. വികലമായ/ കീറിയ നോട്ടുകൾ ഈ ചട്ടപ്രകാരം പണമാക്കി നൽകാനാകില്ലെന്നു കണ്ടാൽ അവ നിരാകരിക്കുകയും നൽകുന്നയാൾക്ക് നിരാകരണ അറിയിപ്പ് നൽകുകയും ചെ യ്യും . നിരാകരിച്ച നോട്ടുകൾ ബാങ്ക് പിടിച്ച് വയ്ക്കുകയും നാലു മാസങ്ങൾക്കു ശേഷം നശിപ്പിച്ചു കളയുകയും ചെയ്യും. ഈ നാലുമാസത്തെ പരിരക്ഷാ കാലയളവിൽ ബന്ധപ്പെട്ട ഇഷ്യൂ ഓഫീസിൽ വീണ്ടും പരിഗണിക്കാൻ അപ്പീൽ നൽകാവുന്നതാണ്

(ii) നോട്ടുകൾ/ നാണയങ്ങൾ തട്ടിപ്പ്/വ്യാജമാണെന്നു കണ്ടെത്തിയാൽ അവ തടഞ്ഞു വയ്ക്കുകയും അതിനു മൂല്യം നൽകുന്നതുമല്ല. നൽകുന്നയാൾക്ക് അറിയിപ്പ് നൽകിയ ശേഷം അത്തരം നോട്ടുകൾ/നാണയങ്ങൾ ബാങ്ക് പിടിച്ചു വയ്ക്കും.

(iii) ആർബിഐ പുറത്തിറക്കുന്ന നോട്ടുകളുടെ സെക്യൂരിറ്റി സവിശേഷതകൾ പൊതുജനങ്ങൾക്കുള്ള വിവരങ്ങളായി ബാങ്കിന്റെ വെബ്സിറ്റിൽ കൊടുത്തിട്ടുണ്ട്: http://www.rbi.org.in/currency/banknotes.html

(iv) നോട്ടുകളുടെയും നാണയങ്ങളുടെയും ആവശ്യം ഉപഭോക്താവിന്റെ തനതായ വ്യാപാര/വ്യക്തിപരമായ ആവശ്യങ്ങൾക്കുള്ളതായിരിക്കണം

8. വാണിജ്യ ബാങ്കുകളുടെ ഒൗണ്ടറിൽ മുഷിഞ്ഞതും വികലമായതുമായ നോട്ടുകളുടെയും നാണയങ്ങളുടെയും കൈമാറ്റം

(i) തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ മാത്രമാണ് റിസർവ് ബാങ്കിന് ഓഫീസുകളുള്ളത്. അതിനാൽ ബാങ്ക് മുഷിഞ്ഞ നോട്ടുകളുടെ കൈമാറ്റം, നോട്ടുകൾ നാണയങ്ങളായി മാറുന്നത്, നാണയങ്ങൾ നോട്ടുകളായി മാറുന്നത് തുടങ്ങിയ സേവനങ്ങൾക്കായി ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കു ശാഖകളിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. മുഷിഞ്ഞ നോട്ടുകൾ മാറുന്നതിന് പൊതുമേഖലാബാങ്കുകളുടെ എല്ലാ ശാഖകളിലും സ്വകാര്യ ബാങ്കുകളുടെ എല്ലാ ശാഖകളിലും സൗക ര്യമുണ്ടെങ്കിലും വികലമായ/കീറിയ നോട്ടുകൾ വാണിജ്യ ബാങ്കുകളുടെ നിയുക്ത ശാഖകളിൽ മാത്രമേ മാറ്റിവാങ്ങുന്നതിനുള്ള സൗകര്യമുണ്ടാകുകയുള്ളൂ. വികലമായ നോട്ടുകൾ മാറ്റിവാങ്ങാൻ സാധിക്കുന്ന ബാങ്കു ശാഖകളുടെ ഒരു പട്ടിക ആർബിഐ ഓഫീസുകളുടെ അന്വേഷണ കൗണ്ടറിൽ ല ഭിക്കുന്നതാണ്. വികലമായ നോട്ടുകൾ കൈമാറുന്ന സൗകര്യ ലഭ്യതയെ കുറിച്ച് നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കാൻ അത്തരം നിയുക്ത ബാങ്ക് ശാഖകൾക്ക് നിർദേശം നൽകിയിട്ടുണ്ട്. അത്തരം ബാങ്കുകൾ കൈമാറ്റ സൗകര്യം ലഭ്യമാക്കാൻ വിമുഖത കാണിക്കുകയാണെങ്കിൽ ദു:ഖിതരായ പൊ തുജനങ്ങൾക്ക് ബന്ധപ്പെട്ട വാണിജ്യ ബാങ്കിന്റെ ചെയർമാൻ/മാനേജിങ് ഡയറക്ടർ/സി ഇ ഒക്ക് പരാതി നൽകാവുന്നതാണ്. നിങ്ങളുടെ ആവലാതി പരിഹരിക്കപ്പെട്ടില്ലെങ്കിൽ ഈ വിഷയം റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ ബന്ധപ്പെട്ട റീജിയണൽ ഓഫീസിന്റെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതാണ്

(ii) മറ്റു ബാങ്കുകളുടെ ശാഖകൾ, അതായത്, സഹകരണ ബാങ്കുകളും പ്രാദേശിക ഗ്രാമീണ്ബാങ്കുകളും അവരുടെ സൗകര്യപ്രകാരം നോട്ടുകളും നാണയങ്ങളും മാറ്റി നൽകുമെന്ന് പ്രതീക്ഷിക്കുന്നു. അവക്ക്, എന്നിരുന്നാലും, വികലമായ നോട്ടുകൾ മാറ്റിനൽകുന്നതിനുള്ള അധികാരമില്ല.

**9. നിർദേശങ്ങൾ/ അഭിപ്രായങ്ങൾ**

പൗരൻമാരുടെ അവകാശപത്രത്തെ കുറിച്ച് പൊതുജനങ്ങൾക്ക് എന്തെങ്കിലും നിർദേശങ്ങൾ/ അഭിപ്രായങ്ങൾ ഉണ്ടെങ്കിൽ , ചീഫ് ജനറൽ മാനേജർ, ഡിപ്പാർട്ട്മെന്റ് ഓഫ് കറൻസി മാനേജ്മെന്റ്, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, സെൻട്രൽ ഓഫീസ്, അമർ ബിൽ ഡിങ്ങ്, നാലാം നില, സർ പി എം റോഡ്, ഫോർട്ട്, മുംബൈ–400001 എന്ന വിലാസത്തിൽ എഴുതുക

**അനുബന്ധം**

## ആർബിഐ ഇഷ്യൂ ഓഫീസുകളുടെ മേൽവിലാസവും അവയുടെ അധികാര പരിധിയും

| സീരിയൽ നമ്പർ | ആർബിഐ ഓഫീസുകളുടെ പേരും മേൽവിലാസവും | അധികാര പരിധി |
|---|---|---|
| 1. | ദി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഇഷ്യൂ ഡിപ്പാർട്ട്മെന്റ്,<br>രണ്ടാം നില, ഗാന്ധി ബ്രിഡ്ജിനു സമീപം,<br>അഹ്മദാബാദ് 380014 | ഗുജറാത്ത് സംസ്ഥാനവും കേന്ദ്രഭരണ പ്രദേശമായ ദാദ്ര, നാഗർ ഹവേലി, ദമൻ, ഡിയു |
| 2. | ദി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഇഷ്യൂ ഡിപ്പാർട്ട്മെന്റ്,<br>10/3/8, നൃപതുംഗ റോഡ്, ബാംഗ്ലൂർ–560001 | കർണാടക സംസ്ഥാനം |
| 3. | ദി ഡെപ്യൂട്ടി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഇഷ്യൂ ഡിപ്പാർട്ട്മെന്റ്,<br>പണ്ഡിറ്റ് ജവഹർ ലാൽ നെഹ്റു മാർഗ്,<br>പോസ്റ്റ് ബോക്സ് നം 16,<br>ഭുവനേശ്വർ –751001 | ഒറീസ സംസ്ഥാനം |
| 4. | ദി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,<br>ഇഷ്യൂ ഡിപ്പാർട്ട്മെന്റ്,<br>മെയിൻ ബിൽഡിങ്,<br>ഷാഹിദ് ഭഗത് സിംഗ് റോഡ്,<br>ഫോർട്ട്, മുംബൈ–400001 | ബൃഹദ് മുംബൈ, അതായത് മുംബയ് ദ്വീപും അതിന്റെ പ്രാന്ത ജില്ലകളും (ഏകദേശം മധ്യ റെയിൽ വേയിൽ മുളുണ്ടും പശ്ചിമ റെയിൽ വേയിൽ ദഹിസർ വരെയും ഉള്ള സ്ഥലം) |
| 5. | ദി ഡെപ്യൂട്ടി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,<br>ഇഷ്യൂ ഡിപ്പാർട്ട്മെന്റ്,<br>ഹോഷംഗാബാദ് റോഡ്,<br>പോസ്റ്റ് ബോക്സ് നം 32, ഭോപ്പാൽ 462 011 | മധ്യപ്രദേശ് സംസ്ഥാനം |
| 6. | ദി ഡെപ്യൂട്ടി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,<br>ഇഷ്യൂ ഡിപ്പാർട്ട്മെന്റ്,<br>പ്ലോട്ട് നം 3, സെക്ടർ 10,<br>എച്ച് എച്ച് നിർമലദേവി മാർഗ്,<br>സിബിഡി ബേലാപ്പൂർ,<br>നവിമുംബൈ–400 614 | മഹാരാഷ്ട്ര , ഗോവ എന്നിവിടങ്ങളിലെ അഹ്മദ് നഗർ,കോലാപ്പൂർ, നാസിക്, പൂനെ, റായ്ഗഡ്,രത്നഗിരി,സാംഗ്ലി, സതാറ, സിന്ധുദുർഗ്, സോലാപ്പൂർ, താനെ എന്നീ ജില്ലകൾ |
| 7. | ദി ഡെപ്യൂട്ടി ജനറൽ മാനേജർ,<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,<br>ഇഷ്യൂ ഡിപ്പാർട്ട്മെന്റ്, സെൻട്രൽ വിസ്റ്റ,<br>ടെലഫോൺ ഭവന് എതിർവശം,<br>സെക്ടർ 17, ചാണ്ഡിഗഢ് –160017 | ഹരിയാന, ഹിമാചൽപ്രദേശ് , പഞ്ചാബ്, എന്നീ സംസ്ഥാനങ്ങളും ചാണ്ഡിഗഢ് കേന്ദ്രഭരണ പ്രദേശവും |
| 8. | ദി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, ഇഷ്യൂ ഡിപ്പാർട്ട്മെന്റ്,<br>ഫോർട്ട് ഗ്ലാസിക് നം 16, രാജാജി സലായ്,<br>പോസ്റ്റ് ബോക്സ് നം 40,<br>ചെന്നൈ–600001 | തമിഴ്നാട്സംസ്ഥാനം, പോണ്ടിച്ചേരി കേന്ദ്രഭരണ പ്രദേശം |

| സീരിയൽ നമ്പർ | ആർബിഐ ഓഫീസുകളുടെ പേരും മേൽവിലാസവും | അധികാര പരിധി |
|---|---|---|
| 9. | ദി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,<br>ഇഷ്യൂ ഡിപ്പാർട്ട്മെന്റ്, സ്റ്റേഷൻ റോഡ്,<br>പാൻ ബസാർ, പോസ്റ്റ് ബോക്സ് നം 120,<br>ഗോഹട്ടി–781001 | അസം, അരുണാചൽ പ്രദേശ്, മണിപ്പൂർ, മേഘാലയ, മിസോറാം, നാഗാലാൻഡ്, ത്രിപുര സംസ്ഥാനങ്ങൾ |
| 10. | ദി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,<br>ഇഷ്യൂ ഡിപ്പാർട്ട്മെന്റ്, 6–1–65,<br>സെക്രട്ടേറിയൽ റോഡ്, സായ്ഫാബാദ്,<br>ഹൈദരാബാദ്–500004 | ആന്ധ്രാപ്രദേശ് സംസ്ഥാനം |
| 11. | ദി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,<br>ഇഷ്യൂ ഡിപ്പാർട്ട്മെന്റ്,<br>റെയിൽ ഹെഡ് കോംപ്ലക്സ്,<br>ജമ്മു–180012 | ജമ്മു കാശ്മീർ സംസ്ഥാനം |
| 12. | ദി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,<br>ഇഷ്യൂ ഡിപ്പാർട്ട്മെന്റ്, രാംബാഗ് സർക്കിൾ ,<br>ടോങ്ക് റോഡ്, പോസ്റ്റ് ബോക്സ് നം 12,<br>ജയ്പൂർ–302002 | രാജ്സ്ഥാൻ |
| 13. | ദി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,<br>ഇഷ്യൂ ഡിപ്പാർട്ട്മെന്റ്,<br>എംജി റോഡ്,<br>പോസ്റ്റ് ബോക്സ് നം. 82/142<br>കാൻപൂർ–208001 | ഉത്തർപ്രദേശ്, ഉത്തരാഞ്ചൽ സംസ്ഥാനങ്ങൾ |
| 14. | ദി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,<br>ഇഷ്യൂ ഡിപ്പാർട്ട്മെന്റ്, പോസ്റ്റ് ബാഗ് നം.49<br>കൊൽക്കത്ത്–700 001 | സിക്കിം, പശ്ചിമ ബംഗാൾ സംസ്ഥാനം, ആൻഡമാൻ നിക്കോബാർ ദ്വീപ് കേന്ദ്രഭരണ പ്രദേശം |
| 15. | ദി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,<br>ഇഷ്യൂ ഡിപ്പാർട്ട്മെന്റ്,<br>മെയിൻ ഓഫീസ് ബിൽഡിങ്,<br>ഡോ രാഘവേന്ദ്ര റാവു റോഡ്,<br>പോസ്റ്റ് ബോക്സ് നം 15,<br>സിവിൽ ലൈൻസ്,<br>നാഗ് പൂർ–440001 | ഛത്തിസ്ഗഡ് സംസ്ഥാനം, മഹാരാഷ്ട്രയിലെ അകോള, അമരാവതി, ഔറംഗാബാദ്, ബീഡ്,ഭണ്ഡാര, ബുൽധാന, ചന്ദ്രാപൂർ, ധുലെ, ഗാഡ്ക്ഹിറോളി, ഹിംഗോളി, ജൽഗാവ്, ജൽന, ലാത്തൂർ, നാഗ്പൂർ, നാന്ദേഡ്, ഒസ്മാനാബാദ്, പർഭാനി, വാർധ, യവത്മൽ ജില്ലകൾ |

| സീരിയൽ നമ്പർ | ആർബിഐ ഓഫീസുകളുടെ പേരും മേൽവിലാസവും | അധികാര പരിധി |
|---|---|---|
| 16. | റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,<br>ഇഷ്യൂ ഡിപ്പാർട്ട്മെന്റ്, 6,<br>സൻസദ് മാർഗ്,<br>ന്യൂഡൽഹി–110001 | ഡൽഹി സംസ്ഥാനം |
| 17. | ദി ഡെപ്യൂട്ടി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,<br>ഇഷ്യൂ ഡിപ്പാർട്ട്മെന്റ്,<br>സൗത്ത് ഗാന്ധി മൈതാൻ,<br>പോസ്റ്റ് ബോക്സ് ,<br>പോസ്റ്റ് ബോക്സ് നം: 162,<br>പാറ്റ്ന–800001 | ബീഹാർ , ഝാർഖണ്ഡ് സംസ്ഥാനങ്ങൾ |
| 18. | ദി ഡെപ്യൂട്ടി ജനറൽ മാനേജർ<br>റിസർവ് ബാങ്ക് ഓഫ് ഇന്ത്യ,<br>ഇഷ്യൂ ഡിപ്പാർട്ട്മെന്റ്,<br>ബേക്കറി ജംങ്ഷൻ,<br>പോസ്റ്റ് ബോക്സ് നം. –6507,<br>തിരുവനന്തപുരം | കേരള സംസ്ഥാനവും<br>കേന്ദ്രഭരണപ്രദേശമായ ലക്ഷദ്വീപും |